REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി: 21-08-2025** **സമയം 12.30 PM**

---

## പ്രധാന വാർത്തകൾ

- **പ്രതിപക്ഷ ബഹളത്തെ തുടർന്ന് ലോക്സഭ അനിശ്ചിത കാലത്തേക്ക് പിരിഞ്ഞു. രാജ്യസഭ ഉച്ചയ്ക്ക് രണ്ട് വരെ നിർത്തിവെച്ചു.**
- **ഉപരാഷ്ട്രപതി തെരഞ്ഞെടുപ്പിൽ പ്രതിപക്ഷ I.N.D.I. സഖ്യം സ്ഥാനാർത്ഥി ജസ്റ്റിസ് സുദർശൻ റെഡ്ഡി പത്രിക സമർപ്പിച്ചു.**
- **നിലമ്പൂർ -നഞ്ചൻകോട് റെയിൽപാതയുടെ അന്തിമ ലൊക്കേഷൻ സർവേയ്ക്ക് അംഗീകാരം നൽകിയതായി കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ്.**
- **ലക്ഷദ്വീപ് സീപ്ലെയിൻ സർവീസുകൾ അടുത്ത മാസം ആരംഭിക്കുമെന്ന് CIAL അറിയിച്ചു.**
- **ട്രാൻസ്ജെൻഡേഴ്സിനോട് സമൂഹം സ്വീകരിക്കുന്ന സമീപനത്തിൽ ഇനിയും മാറ്റം വരാനുണ്ടെന്ന് മന്ത്രി ഡോ R ബിന്ദു.**

## വാർത്തകൾ വിശദമായി

പ്രതിപക്ഷ ബഹളത്തെ തുടർന്ന് ലോക്സഭ അനിശ്ചിത കാലത്തേക്ക് പിരിഞ്ഞു. വർഷകാല സമ്മേളനത്തിന്റെ അവസാന ദിവസമായ ഇന്നും ഇരു സഭകളും ഉച്ച വരെ നിർത്തിവെച്ചിരുന്നു. ഉച്ചയ്ക്ക് 12 വരെ നിർത്തി വെച്ച ലോക്സഭ വീണ്ടും ചേർന്നെങ്കിലും പ്രതിപക്ഷം പ്രതിഷേധം തുടർന്നു. ഇതേ തുടർന്നാണ് 18-ാം ലോക്സഭയുടെ അഞ്ചാമത് സമ്മേളനം പിരിഞ്ഞത്. ബീഹാറിലെ വോട്ടർ പട്ടിക പരിഷ്കരണം ഉൾപ്പെടെ വിഷയങ്ങൾ ഉന്നയിച്ചായിരുന്നു പ്രതിഷേധം.

രാജ്യസഭയിലും സമാനമായ രംഗങ്ങളുണ്ടായി. രാജ്യസഭ സമ്മേളിച്ചപ്പോൾ തന്നെ 18 അടിയന്തര പ്രമേയ നോട്ടീസ് ലഭിച്ചതായി ഡെപ്യൂട്ടി ചെയർമാൻ ഹരിവംശ് പറഞ്ഞു. പ്രതിപക്ഷ ബഹളത്തെ തുടർന്ന് ഉച്ച കഴിഞ്ഞ് രണ്ട് വരെ സഭ നിർത്തിവക്കുകയായിരുന്നു.

✪✪✪

പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ ബിഹാറും പശ്ചിമ ബംഗാളും സന്ദർശിക്കും. ബീഹാറിൽ 13,000 കോടി രൂപയുടെ പദ്ധതികൾ പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്യും. ഗയ - ഡൽഹി അമൃത് ഭാരത് എക്സ്പ്രസും, വൈശാലി കൊഡെർമ ബുദ്ധിസ്റ്റ് സർക്യൂട്ട് ട്രെയിനും പ്രധാനമന്ത്രി ഫ്ലാഗ് ഓഫ് ചെയ്യും. 660 മെഗാ വാട്ട് ബക്സർ തെർമൽ പവർ പ്ലാന്റും അദ്ദേഹം ഉദ്ഘാടനം ചെയ്യും.

പശ്ചിമ ബംഗാൾ സന്ദർശന വേളയിൽ, 5,200 കോടി രൂപയുടെ പദ്ധതികൾ പ്രധാനമന്ത്രി നാടിന് സമർപ്പിക്കും. കൊൽക്കത്തയിൽ പുതുതായി നിർമ്മിച്ച ഭാഗങ്ങളിൽ മെട്രോ ട്രെയിൻ സർവീസുകളും അദ്ദേഹം ഫ്ലാഗ് ഓഫ് ചെയ്യും. ആറ് വരി എക്സ്പ്രസ് വേയ്ക്കും പ്രധാനമന്ത്രി തറക്കല്ലിടലും.

✪✪✪

ഉപരാഷ്ട്രപതി തെരഞ്ഞെടുപ്പിൽ പ്രതിപക്ഷ I.N.D.I. സഖ്യം സ്ഥാനാർത്ഥി ജസ്റ്റിസ് സുദർശൻ റെഡ്ഡി പത്രിക സമർപ്പിച്ചു. , കോൺഗ്രസ് പാർലമെന്ററി പാർട്ടി അധ്യക്ഷ സോണിയാഗാന്ധിയും, കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജ്ജുൻ ഖാർഗെയും, രാഹുൽഗാന്ധിയും സഖ്യനേതാക്കളും പത്രികാ സമർപ്പണ വേളയിൽ അദ്ദേഹത്തോടൊപ്പമെത്തിയിരുന്നു.

NDA സ്ഥാനാർത്ഥി CP രാധാകൃഷ്ണൻ ഇന്നലെ പത്രിക നൽകിയിരുന്നു.

✪✪✪

നിലമ്പൂർ -നഞ്ചൻകോട് റെയിൽപാതയുടെ അന്തിമ ലൊക്കേഷൻ സർവേയ്ക്ക് അംഗീകാരം നൽകിയതായി റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ് അറിയിച്ചു. വയനാട് MP പ്രിയങ്കാഗാന്ധിയുടെ ചോദ്യത്തിന് മറുപടിയായി ലോക്സഭയിലാണ് കേന്ദ്രമന്ത്രി ഇക്കാര്യം വ്യക്തമാക്കിയത്.

പുതിയ പാതയുടെ സർവേ 2007-08 ൽ നടത്തിയെങ്കിലും പ്രതീക്ഷിക്കുന്ന യാത്രക്കാരുടെ എണ്ണം കുറവായതിനാൽ പദ്ധതി മുന്നോട്ടു കൊണ്ടുപോകാൻ കഴിഞ്ഞില്ല. എങ്കിലും പൊതുജനങ്ങളുടെ ആവശ്യപ്രകാരം വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കുന്നതിന് 2023-ൽ പുതിയ പാതയുടെ അന്തിമ സ്ഥല സർവേ നടത്തിയിരുന്നു.

✪✪✪

രാജ്യത്തെ സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരത നേടിയ ആദ്യ സംസ്ഥാനമായി കേരളം മാറിയതിന്റെ പ്രഖ്യാപനം വൈകിട്ട് മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ നടത്തും. മന്ത്രി MB രാജേഷ് അധ്യക്ഷനാകുന്ന ചടങ്ങിൽ മന്ത്രിമാരും മറ്റു ജന പ്രതിനിധികളും പങ്കെടുക്കും. 2021-ൽ തിരുവനന്തപുരം ജില്ലയിലെ പുല്ലമ്പാറ പഞ്ചായത്തിൽ ആരംഭിച്ച ഡിജി സാക്ഷരതാ പ്രവർത്തനങ്ങളോടെയാണ് സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരതാ യജ്ഞത്തിന് തുടക്കമായത്.

✪✪✪

പത്തു വർഷത്തിലേറെയായ എല്ലാ ബാങ്ക് അക്കൗണ്ടുകളിലും KYC രേഖകൾ വീണ്ടും സമർപ്പിക്കണമെന്ന് സംസ്ഥാന തല ബാങ്കിങ് കമ്മിറ്റി ഉപഭോക്താക്കളോട് ആവശ്യപ്പെട്ടു. ജൻധൻ അക്കൗണ്ടുകൾ അടക്കം എല്ലാ വിഭാഗം അക്കൗണ്ടുകൾക്കും ഇതു ബാധകമാണ്.

KYC രേഖകൾ സമർപ്പിക്കാത്ത അക്കൗണ്ട് ഉടമകൾക്ക് ഇടപാടുകൾ നടത്താൻ ബുദ്ധിമുട്ട് നേരിടേണ്ടി വരും. ഗവൺമെന്റ് സബ്സിഡി അടക്കം ആനുകൂല്യങ്ങൾ പിൻവലിക്കാൻ കാലതാമസമുണ്ടാവുകയും ചെയ്യുമെന്ന് കമ്മിറ്റി കൺവീനർ KS പ്രദീപ് കുമാർ പറഞ്ഞു.

✪✪✪

NCC നേവൽ കേഡറ്റുകളുടെ പര്യവേഷണ തുഴച്ചിൽ കായൽ യാത്ര കൊല്ലത്തുനിന്ന് പുറപ്പെട്ടു. രാജ്യത്തെ മികച്ച നേവൽ യൂണിറ്റിനെ തിരഞ്ഞെടുക്കുന്നതിന് നടത്തുന്ന ദേശീയ മത്സരത്തിന്റെ ഭാഗമാണ് പായ് വഞ്ചിയിലെ സാഹസിക കായൽയാത്ര.

ആകാശവാണി പ്രതിനിധി നീരജ് ലാൽ.

.......(വോയ്സ്).............

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്' ഈ മാസം 31 ന് രാവിലെ 11 ന് പ്രക്ഷേപണം ചെയ്യും. പരിപാടിയുടെ 125 -ാം പതിപ്പാണിത്. നരേന്ദ്ര മോദി ആപ്പിലൂടെയും MyGov ഓപ്പൺ ഫോറത്തിലൂടെയും ഈ മാസം 29 വരെ അഭിപ്രായങ്ങളും ആശയങ്ങളും അറിയിക്കാം.

✪✪✪

ലക്ഷദ്വീപ് സീപ്ലെയിൻ സർവീസുകൾ അടുത്ത മാസം ആരംഭിക്കുമെന്ന് കൊച്ചി അന്താരാഷ്ട്ര വിമാനത്താവള അധികൃതർ അറിയിച്ചു. CIAL ന്റെ മേൽനോട്ടത്തിൽ പദ്ധതിയുമായി ബന്ധപ്പെട്ട പ്രാഥമിക നടപടികളും പരീക്ഷണ പറക്കലുകളും പല ഘട്ടങ്ങളായി പൂർത്തികരിച്ചിരുന്നു. സീപ്ലെയിൻ സേവനത്തിന്റെ ഏകദേശ നിരക്ക് 12,000 രൂപയായിരിക്കും. കേന്ദ്രഗവൺമെന്റിന്റെ അനുമതിയോടെ സ്പൈസ്ജെറ്റ് ആയിരിക്കും പ്രാഥമികമായി ഈ സർവീസ് ആരംഭിക്കുക.

18 മുതൽ 20 പേരെ വരെ വഹിക്കാൻ കഴിയുന്ന സീപ്ലെയിൻ ആണ് സർവീസിന് ഉപയോഗിക്കുക. ദ്വീപ് നിവാസികൾക്കും വിനോദസഞ്ചാരികൾക്കും താങ്ങാവുന്ന പദ്ധതിയെന്ന നിലയിൽ ഗതാഗത - വിനോദസഞ്ചാര മേഖലയിൽ സർവീസ് ഉണർവ്വ് പകരുമെന്നാണ് കരുതുന്നത്.

✪✪✪

കോൺഗ്രസിലെ എത്ര ഉന്നതനായ നേതാവായാലും ഗുരുതരമായ കുറ്റകൃത്യം ചെയ്താൽ മുഖം നോക്കാതെ നടപടിയെടുക്കുമെന്ന് പ്രതിപക്ഷ നേതാവ് VD സതീശൻ വ്യക്തമാക്കി. യുവ MLA യ്ക്കെതിരെ ഉയർന്ന ആരോപണത്തെക്കുറിച്ച് തിരുവനന്തപുരത്ത് മാധ്യമങ്ങളോട് പ്രതികരിക്കുകയായിരുന്നു അദ്ദേഹം. ഇക്കാര്യത്തിൽ പാർട്ടി നേതൃത്വം അന്വേഷണം നടത്തുകയാണെന്നും സതീശൻ പറഞ്ഞു. പരാതി പാർട്ടി ഗൗരവകരമായി പരിശോധിച്ച് നടപടി കൈക്കൊള്ളും. മകളെപ്പോലെ കാണുന്ന പെൺകുട്ടിയാണ് പരാതിക്കാരിയെന്നും, താൻ തന്നെ നടപടിയ്ക്ക് മുൻകയ്യെടുക്കുമെന്നും സതീശൻ അറിയിച്ചു.

യുവ MLA യ്ക്കെതിരെ ഉയർന്ന ആരോപണം കോൺഗ്രസ് കേന്ദ്രനേതൃത്വം പരിശോധിച്ചുവരികയാണെന്ന് മുതിർന്ന പാർട്ടി നേതാവ് തിരുവഞ്ചൂർ രാധാകൃഷ്ണനും അറിയിച്ചു. പൊതുസമൂഹത്തിന് മാതൃകയാകേണ്ട ഒരാളിൽ നിന്നും ഇത്തരം നടപടികൾ ഉണ്ടാവരുത് എന്നാണ് അഭിപ്രായമെന്നും തിരുവഞ്ചൂർ മാധ്യമങ്ങളോട് പറഞ്ഞു.

✪✪✪

കോഴിക്കോട് ജില്ലയിൽ അമീബിക് മസ്തിഷ്ക ജ്വരം ബാധിച്ച് മരിച്ച താമരശ്ശേരിയിലെ ഒമ്പതുകാരിയുടെ വീട്ടിലും, അമീബിക് മസ്തിഷ്ക ജ്വര ലക്ഷണങ്ങളോടെ ചികിൽസയിൽ കഴിയുന്നവരുടെ വീടുകളിലും കോഴിക്കോട് ഗവ: മെഡിക്കൽ കോളെജ് കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗത്തിലെ ഡോക്ടർമാർ സന്ദർശനം നടത്തി. ജലസ്രോതസ്സുകളിൽ നിന്ന് പരിശോധനാ സാമ്പിളുകൾ ശേഖരിച്ചു.

✪✪✪

ട്രാൻസ്ജെൻഡറുകളുടെ കലാഭിരുചികൾ പരിപോഷിപ്പി ക്കുന്നതിന് 'വർണപ്പകിട്ട്' സംസ്ഥാന കലോത്സവത്തിന് ഇന്ന് കോഴിക്കോട്ട് തുടക്കമായി. സാമൂഹികനീതി വകുപ്പാണ് മറ്റന്നാൾ വരെ മേള സംഘടിപ്പിക്കുന്നത്. വൈകിട്ട് മന്ത്രി ഡോ. R ബിന്ദു വൈകിട്ട് കണ്ടംകുളം ജൂബിലി ഹാളിൽ കലോത്സവം ഉദ്ഘാടനം ചെയ്യും.

✪✪✪

സമൂഹം ട്രാൻസ്ജെൻഡേഴ്സിനോട് സ്വീകരിക്കുന്ന സമീപനത്തിൽ ഇനിയും മാറ്റം വരണമെന്ന് മന്ത്രി ഡോ R ബിന്ദു പറഞ്ഞു. കോഴിക്കോട്ട് ട്രാൻസ്ജൻഡേഴ്സ് ഫെസ്റ്റിന്റെ ഭാഗമായി സംഘടിപ്പിച്ച ചലച്ചിത്രോത്സവം കൈരളി തിയേറ്ററിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

✪✪✪

വനിതകൾക്ക് സുരക്ഷിത യാത്ര ഉറപ്പാക്കുന്ന പുതിയ പദ്ധതിക്ക് തുടക്കമിട്ട് പാലക്കാട് റെയിൽവേ പ്രൊട്ടക്ഷൻ ഫോഴ്സ് . "മേരി സഹേലി" പദ്ധതിക്കാണ് അഞ്ച് പ്രധാന സ്റ്റേഷനുകളിൽ തുടക്കം കുറിച്ചിരിക്കുന്നത്.

പാലക്കാട്ടു നിന്ന് ഫൈസൽ അലിമുത്ത്.

......(വോയ്സ്)......

✪✪✪

കൊല്ലം നിലമേലിൽ കാറുകൾ കൂട്ടിയിടിച്ച് പരിക്കേറ്റവരെ ആശുപത്രിയിലെത്തിക്കാൻ മന്ത്രി വീണാ ജോർജ് നേതൃത്വം നൽകി. മന്ത്രിയുടെ പൈലറ്റ് വാഹനത്തിലും ആംബുലൻസിലുമായി പരിക്കേറ്റവരെ കടയ്ക്കൽ താലൂക്ക് ആശുപത്രിയിൽ എത്തിച്ചു. പരിക്കേറ്റവർക്ക് വിദഗ്ധ ചികിത്സ നൽകാൻ ആശുപത്രി അധികൃതർക്ക് നിർദേശവും നൽകി. ഒൻപത് പേർക്കാണ് പരിക്കേറ്റത്.

✪✪✪

അടുത്ത വർഷത്തെ ഹജ്ജിന് തെരഞ്ഞെടുക്കപ്പെട്ടവർ ആദ്യ ഗഡുവായി ഒരു ലക്ഷത്തി 52,300 രൂപ അടയ്ക്കുന്ന തിയതി ഈ മാസം 25 വരെ നീട്ടിയതായി കേന്ദ്ര ഹജ്ജ് കമ്മിറ്റി അറിയിച്ചു. ഓരോ കവറിനും പ്രത്യേക ബാങ്ക് റഫറൻസ് നമ്പർ രേഖപ്പെടുത്തിയ പെയ്മെന്റ് സ്ലിപ് ഉപയോഗിച്ച് ഓൺലൈനായോ, അല്ലാതെയോ SBI യിലോ, യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യയിലോ പണമടയ്ക്കാം.

✪✪✪

സംസ്ഥാനത്ത് മഴയുടെ ശക്തി കുറഞ്ഞു. ഇന്ന് ഒരു ജില്ലയിലും കേന്ദ്ര കാലാവസ്ഥ വകുപ്പ് പ്രത്യേക ജാഗ്രതാ നിർദേശം നൽകിയിട്ടില്ല.

✪✪✪

ചിങ്ങമാസപൂജ പൂർത്തിയാക്കി ശബരിമലയിൽ രാത്രി 10ന് നട അടയ്ക്കും. നട തുറന്ന ദിവസം മുതൽ പ്രതികൂല കാലാവസ്ഥയിലും വലിയ തിരക്കാണ് സന്നിധാനത്തുണ്ടായത്.

✪✪✪

കേരള ക്രിക്കറ്റ് ലീഗിന് ഇന്ന് തിരുവനന്തപുരത്ത് തുടക്കമാകും. ഉച്ചക്ക് രണ്ടരയ്ക്ക് കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ ഏരീസ് കൊല്ലം സെയ്‌ലേഴ്സും കാലിക്കറ്റ് ഗ്ലോബ്സ്റ്റാർസും തമ്മിലാണ് ഉദ്ഘാടന മത്സരം. ഔദ്യോഗിക ഉദ്ഘാടനം വൈകിട്ട് ആറരയ്ക്കാണ്.

KCL ബ്രാൻഡ് അംബാസിഡർ മോഹൻലാൽ ഉദ്ഘാടന ചടങ്ങിൽ പങ്കെടുക്കും. മൂന്നാഴ്ചക്കാലം ആറ് ടീമുകളുടെ 33 പോരാട്ടങ്ങൾക്കാണ് കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയം സാക്ഷിയാകുക. ഓരോ ദിവസവും രണ്ട് മത്സരങ്ങൾ വീതമുണ്ട്. ഉച്ചയ്ക്ക് രണ്ടരയ്ക്കാണ് ആദ്യ മത്സരം. വൈകിട്ട് 6.45ന് രണ്ടാം മത്സരവും.

✪✪✪

---

*News Editor & News Reader: വി കെ സുരേഷ്*
*NRTs: അനിൽ ചന്ദ്രൻ, സാലിം*
*DEO: ഷീബ*